<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4893</u> <u>14-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചെറവ്വല്ലൂർ ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് 05/05,2020-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോൾ മേഖലയിലൂടെ കടന്നു പോകുന്ന റോഡ് ആയതുകൊണ്ട് വിശദ പരിശോധന നടത്തേണ്ടത് ആത്യാവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി 31.07.2020 തീയ്യതിയിൽ വിശദപരിശോധനക്കായി PWD Regional lnvestigation & Quatity Control Laboratory, Kozhikkode കാര്യാലയത്തിന് സമർപ്പിക്കുകയും ആയതു പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്വാളിറ്റി കൺട്രോൾ വിഭാഗം പൂർത്തീകരിച്ചിരുന്നതുമാണ്. ഡിസൈൻ വിഭാഗത്തിൽ നിന്ന് 24.02.2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ഡിസൈൻ ലഭ്യമായിരുന്നു. ഫൈനൽ ഡിസൈൻ ലഭ്യമായതിൽ നിലവിലുള്ള പാലം പുനർ നിർമ്മിക്കുന്നതിനുള്ള ഡിസൈനും ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പാലം പുനർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുത്തി 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി തയ്യാറാക്കിയിരുന്നെങ്കിലും, പ്രവൃത്തിയുടെ ആദ്യഘട്ടം എന്ന നിലയിൽ നിലവിലുള്ള ഭരണാനുമതി തുക ഉപയോഗിച്ച് 390 മീറ്റർ നീളത്തിൽ മണ്ണിട്ട് ഉയർത്തുകയും ഇരു വശവും ഗാബിയോൺ റീറ്റെയ്നിങ് വാൾ നിർമ്മിക്കണമെന്ന് ബഹു. പൊന്നാനി എം.എൽ.എ നിർദ്ദേശിച്ചതിനെ തുടർന്ന് 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ പേരിൽ വരുന്ന മാറ്റം അംഗീകരിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. 2023-24-ലേക്കുള്ള ബജറ്റിൽ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് 600 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. പാലം പുനർ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവൃത്തികളും 360 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണവും കോക്കനട്ട് പൈലിങ് ചെയ്ത് ഗാബിയോൺ റീറ്റെയ്നിങ് വാൾ നിർമ്മാണവും കൂടാതെ ആദ്യഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട ഫില്ലിംഗ് പ്രവൃത്തിക്ക് മുകളിൽ മണ്ണിനെ ബലപ്പെടുത്തിയ ശേഷം ബിഎം & ബി.സി പ്രവൃത്തി ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ചെറവല്ലൂർ ബണ്ട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് 05/05,2020-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോൾ മേഖലയിലൂടെ കടന്നു പോകുന്ന റോഡ് ആയതുകൊണ്ട് വിശദ പരിശോധന നടത്തേണ്ടത് ആത്യാവശ്യമായതിനാൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി 31.07.2020 തീയ്യതിയിൽ വിശദപരിശോധനക്കായി PWD Regional lnvestigation & Quatity Control Laboratory, Kozhikkode കാര്യാലയത്തിന് സമർപ്പിക്കുകയും ആയതു പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്വാളിറ്റി കൺട്രോൾ വിഭാഗം പൂർത്തീകരിച്ചിരുന്നതുമാണ്. ഡിസൈൻ വിഭാഗത്തിൽ നിന്ന് 24.02.2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ഡിസൈൻ ലഭ്യമായിരുന്നു. ഫൈനൽ ഡിസൈൻ ലഭ്യമായതിൽ നിലവിലുള്ള പാലം പുനർ നിർമ്മിക്കുന്നതിനുള്ള ഡിസൈനും ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പാലം പുനർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുത്തി 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി തയ്യാറാക്കിയിരുന്നെങ്കിലും, പ്രവൃത്തിയുടെ ആദ്യഘട്ടം എന്ന നിലയിൽ നിലവിലുള്ള ഭരണാനുമതി തുക ഉപയോഗിച്ച 390 മീറ്റർ നീളത്തിൽ മണ്ണിട്ട് ഉയർത്തുകയും ഇരു വശവും ഗാബിയോൺ റീറ്റെയ്നിങ് വാൾ നിർമ്മിക്കണമെന്ന് ബഹു. പൊന്നാനി എം.എൽ.എ നിർദ്ദേശിച്ചതിനെ തുടർന്ന് 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ പേരിൽ വരുന്ന മാറ്റം അംഗീകരിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. 2023-24-ലേക്കുള്ള ബജറ്റിൽ പ്രവൃത്തിയുടെ രണ്ടാം ഘട്ടത്തിന് 600 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. പാലം പുനർ നിർമ്മാണ പ്രവൃത്തികളും 360 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണവും കോക്കനട്ട് പൈലിങ് ചെയ്ത് ഗാബിയോൺ റീറ്റെയ്നിങ് വാൾ നിർമ്മാണവും കൂടാതെ ആദ്യഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട ഫില്ലിംഗ് പ്രവൃത്തിക്ക് മുകളിൽ മണ്ണിനെ ബലപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | ശേഷം ബിഎം & ബി.സി പ്രവൃത്തി ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ